വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഗവൺമെൻറ് മേഖലയിലും, സ്വകാര്യ മേഖലയിലും.

(സി) 106 എണ്ണം.

(ഡി) തീരുമാനിച്ചിട്ടില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

നാഷണൽ ഹൈവേക്കുവേണ്ടി പൊന്നുംവിലക്കെടുത്ത സ്ഥലം

66. [86] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേക്കുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലങ്ങളിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനോ ലേലം ചെയ്തു വിൽക്കുന്നതിനോ എന്തെങ്കിലും കാലപരിധിയുണ്ടോ ;

(ബി) എൻ. എച്ച്. 47 തിരുവനന്തപുരം ബൈപ്പാസിനുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലത്ത് പൊന്നുംവിലകൊടുത്തു ഒരു വർഷം കഴിഞ്ഞിട്ടും പൊളിച്ചുമാറ്റാത്ത എത്ര കെട്ടിടങ്ങളുണ്ട് ;

(സി) ഈ കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്തു വിൽക്കാത്തതുകൊണ്ട് ഇടിഞ്ഞുവീണും, മരസാധനങ്ങൾ മോഷണം പോയും സർക്കാരിന് വലിയ നഷ്ടം സംഭവിക്കുന്നതായി ഗവൺമെൻറിനു അറിവുണ്ടോ ;

(ഡി) പൊന്നും വില കൊടുത്ത് കൈവശപ്പെടുത്തിയ സ്ഥലത്തുള്ള വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനു എന്ത് ഏർപ്പാടാണുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) എട്ട് കെട്ടിടങ്ങളുണ്ട്.

(സി) കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനിടയിൽ കേടുപാടുകൾ സംഭവിക്കാറുണ്ട്, എങ്കിലും വലിയ സാമ്പത്തിക നഷ്ടം സംഭവിക്കാറില്ല.

(ഡി) യഥാസമയം ലേലം ചെയ്യാറുണ്ട്.

നേമം നിയോജകമണ്ഡലത്തിലെ റോഡുകൾ

67. [96] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നേമം നിയോജകമണ്ഡലത്തിൽ പണി തുടങ്ങുന്നതിനുവേണ്ടി എം. എൽ. എ. റോഡുകൾ ഏറെറടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഈ എം. എൽ. എ. റോഡുകളുടെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly